**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 937** **09-10-2024 - ൽ മറുപടിയ്ക്ക്**

**വനഭൂമിയോട് ചേർന്ന് കൃഷിഭൂമി കൈവശമുള്ള കർഷകർ നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനഭൂമിയോട് ചേർന്ന് കൃഷിഭൂമി കൈവശമുള്ള കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വനഭൂമിയോട് ചേർന്ന് കിടക്കുന്ന കൃഷി ഭൂമികളിൽ കാർഷിക വിളകൾ, വസ്തുവകകൾ എന്നിവയ്ക്ക് നാശവും ആളുകൾക്ക് പരിക്ക്, മരണം എന്നിവ സംഭവിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇവർക്ക് വീട് നിർമ്മിക്കുന്നതിനോ കൃഷി ചെയ്യാനോ അനുമതി ലഭിക്കാത്ത സാഹചര്യം പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദമാക്കാമോ; | (ബി) | വനഭൂമിയോട് ചേർന്ന് നിയമാനുസൃതം ഉടമസ്ഥാവകാശം സിദ്ധിച്ച ഭൂമികളിൽ വീട് നിർമ്മിക്കുന്നതിനും കൃഷി ചെയ്യുന്നതിനും നിലവിൽ തടസ്സങ്ങളില്ല. എന്നാൽ കൃഷിഭൂമി ഉൾപ്പടെയുള്ള ഭൂമി കൈമാറ്റം ചെയ്യുന്നതിനോ മറ്റ് ആവശ്യങ്ങൾക്കോ വനം വകുപ്പിൽ നിന്നും ലഭ്യമാക്കേണ്ട നിരാക്ഷേപപത്രത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ ആവശ്യമായ പരിശോധനകൾ നടത്തി വനം കയ്യേറ്റമില്ലെന്ന് ഉറപ്പ് വരുത്തി നിരാക്ഷേപപത്രം അനുവദിക്കുന്നുണ്ട്. |
| (സി) | വനഭൂമിയോട് ചേർന്നും, നദീതീരത്തെ പുറമ്പോക്കുകളിലും റിസോർട്ടുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവയുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | വനേതര ഭൂമിയിൽ ഉൾപ്പെട്ടുവരുന്ന വിഷയമായതിനാൽ പ്രസ്തുത വിവരം വനം വകുപ്പ് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ഡി) | വനഭൂമിയോട് ചേർന്ന് കൃഷിഭൂമിയുള്ള കർഷകർ നേരിടുന്ന വന്യമൃഗശല്യത്തിന് എന്ത് പരിഹാരമാണ് സർക്കാർ നിർദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. സംഘർഷ ലഘൂകരണത്തിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും, മറ്റ് വിവിധ സർക്കാർ വകുപ്പുകളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനായി മനുഷ്യ-വന്യജീവി സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച GO(Ms)04/24/DMD dated 07.03.2024 നമ്പർ ഉത്തരവിന്റെ വെളിച്ചത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് State Emergency Operation Centre (SEDC) യും Division Emergency Operation Centre (DEOC) -യും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വനം വകുപ്പാസ്ഥാനത്ത് 24 |

| | | | |
|---|---|---|---|
| | | | മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കൺട്രോൾ റൂം പ്രവർത്തിച്ചുവരുന്നു.<br><br>വന്യജീവികളുടെ സാന്നിദ്ധ്യമുള്ള ജനവാസമേഖലയോട് ചേർന്ന് സൗരോർജ്ജവേലി, ട്രഞ്ച്, ജൈവവേലികൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. വനസംരക്ഷണ സമിതികളിലൂടെയും ജനജാഗ്രത സമിതികളിലൂടെയും കൃത്യമായ ബോധവത്ക്കരണം പൊതുജനങ്ങൾക്ക് നൽകുകയും വാച്ചർമാരെ നിയോഗിക്കുകയും, നിരീക്ഷണം ശക്തമാക്കുകയും കാടിറങ്ങുന്ന വന്യജീവികളെ തിരികെ വനത്തിലേക്ക് മടക്കി അയക്കുകയും ചെയ്തുവരുന്നുണ്ട്. വന്യജീവികളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി Early warning System വനത്തോട് ചേർന്നുള്ള വിവിധ ജനവാസമേഖലകളിൽ നടപ്പാക്കി വരുന്നു.<br><br>ജനവാസമേഖലകളിലിറങ്ങി കർഷകരുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ ഇല്ലായ്മ ചെയ്യുന്നതിന് നിലവിൽ ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും വിട്ടുനൽകികൊണ്ട് സർക്കാർ ഉത്തരവ് (സാധാ)239/2022/വനം തീയതി 31.05.2022 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ കാലാവധി 28.05.2024 മുതൽ ഒരു വർഷത്തേക്കും കൂടി ദീർഘിപ്പിച്ചുകൊണ്ട് G.O(Ms) 09/24/F&WLD, dated 25.02.2024 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>വനത്തിനുള്ളിൽ അനുയോജ്യമായ സ്ഥാനങ്ങളിൽ കുളങ്ങൾ, ബ്രഷ് വുഡ്, ചെക്ക് ഡാമുകൾ എന്നിവ നിർമ്മിച്ചും വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പ് വരുത്തിയും, അക്കേഷ്യ, യൂക്കാലിപ്റ്റസ് മുതലായ വിദേശയിനം വൃക്ഷത്തോട്ടങ്ങൾ മുറിച്ച് നീക്കി ഫലവൃക്ഷങ്ങളുൾപ്പെടെയുള്ള തദ്ദേശീയ വൃക്ഷ ഇനങ്ങൾ നട്ടുപിടിപ്പിച്ച് പാരിസ്ഥിതിക പുന:സ്ഥാപനം നടത്തി വന്യമൃഗങ്ങൾക്ക് ഭക്ഷ്യലഭ്യത ഉറപ്പ് വരുത്തിയും അവ വനഭൂമിയോട് ചേർന്ന കൃഷിഭൂമിയിൽ ഇറങ്ങുന്നത് കുറയ്ക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ